# ബെത്‌ലഹേമിലെ ആട്ടിടയർ എത്രയോ ഭാഗ്യവാന്മാർ

**ജോസ് മാളേയ്ക്കൽ**

രണ്ടായിരം വർഷങ്ങൾക്കപ്പുറം ബെത്‌ലഹേം എന്ന കൊച്ചു പട്ടണത്തിൽ സംഭവിച്ച മഹാത്ഭുതം ഇന്നും ലോകത്തിലെ എല്ലാ അൾത്താരകളിലും പൂജ്യമായി സ്മരിക്കപ്പെടുകയും, ആരാധിക്കപ്പെടുകയും ചെയ്യുന്നു. ആകാശവിതാനങ്ങളെ തന്റെ കൈയാകുന്ന അളവുകോൽകൊണ്ടു അളക്കാൻ കഴിവുള്ള ദൈവം ഒരു കൈയുടെ നീളം മാത്രം വലുപ്പം വരുന്ന പുൽത്തൊട്ടിയിൽ ഭൂജാതനായി. സമുദ്രജലത്തെ മുഴുവൻ തന്റെ കൈവെള്ളയിൽ വഹിക്കുവാൻ ശക്തിയുള്ള ദൈവം ചെറിയ ഒരു ഗുഹയിൽ പിറക്കുന്നതിനു തിരുമനസായി. പ്രപഞ്ച സൃഷ്ടാവും, നിയന്താവുമായ ദൈവം സ്വയം ശൂന്യവൽക്കരിച്ച നിമിഷം.

ശാന്തരാത്രിയിൽ യൂദയായിൽ ദാവീദിന്റെ പട്ടണമായ ബെത്‌ലഹേമിൽ നടന്ന തിരുപ്പിറവിയുടെ സദ്‌വാർത്ത ആദ്യം ശ്രവിക്കുന്നതു നിഷ്ക്കളങ്കരായ ആട്ടിടയരാണല്ലോ. പ്രഭാതം മുതൽ പ്രദോഷം വരെ കാടും മേടും താണ്ടി വെയിലിലും, മഞ്ഞിലും, മഴയിലും, ആടുകളെ മേയിച്ചും, തങ്ങളുടെ ഏക സമ്പാദ്യമായ ആടുകളെ മോഷ്ടാക്കളിൽനിന്നും രക്ഷിക്കുന്നതിനായി രാത്രികാലങ്ങളിൽ കൊടുംതണുപ്പത്ത് ആടുകൾക്ക് കാവലിരുന്നും ഉപജീവനം നടത്തിയിരുന്ന നിർദ്ധനരായ ആട്ടിടയർക്ക് പൊന്നുണ്ണിയെ ആദ്യമായി കണ്ടുവണങ്ങുന്നതിനുള്ള വിശേഷാൽ ദൈവകൃപ ലഭിക്കുന്നു. ബെത്‌ലഹമിലും, യൂദയായിലെയും, നസ്രത്തിലെയും മറ്റു നഗരങ്ങളിലും ഉന്നതകുലജാതരും, വിദ്യാസമ്പന്നരും, ധനികരുമായ പലജനവിഭാഗങ്ങളും ഉണ്ടായിരുന്നിട്ടും ദിവ്യഉണ്ണിയുടെ ജനനം ആഘോഷിക്കുന്നതിനും, അതു ലോകത്തോടു പ്രഘോഷിക്കുന്നതിനും, ഉണ്ണിയെ കുമ്പിട്ടാരാധിക്കുന്നതിനും ദൈവകൃപലഭിച്ച ബെത്‌ലഹേമിലെ ആട്ടിടയർ എത്രയോ ഭാഗ്യവാന്മാർ.

തൊഴിലിലും, അക്ഷരാഭ്യാസത്തിലും, സമ്പത്തിലും സമൂഹത്തിന്റെ ഏറ്റവും താഴത്തെ തട്ടിൽ നിൽക്കുന്ന ഇടയബാലന്മാർക്ക് ആ ക്രിസ്മസ് രാവിൽ ലഭിച്ച അനുഗ്രഹത്തെയോർത്ത് മറ്റു സൃഷ്ടികളെല്ലാം അസൂയപൂണ്ടിട്ടുണ്ടാവണം. ലോകരക്ഷകനെ നേരിൽ കണ്ട് മനസ് കുളിർപ്പിച്ച ഇടയർക്ക് ദൈവത്തിന്റെ പ്രത്യേക ദൂതൻ വഴിയാണ് വിളംബരം ലഭിക്കുന്നത്. ദൈവപുത്രന്റെ വളർത്തുപിതാവായ ജോസഫിനുപോലും സ്വപ്നത്തിൽ ദൈവത്തിന്റെ അറിയിപ്പുകൾ ലഭിച്ചപ്പോൾ വെറും നിസാരരായ ഇടയബാലർക്ക് മാലാഖ നേരിൽ പ്രത്യക്ഷപ്പെട്ടാണ് ലോകരക്ഷകൻ പിറന്ന വാർത്ത അറിയിക്കുന്നത്.

ലോകരക്ഷകൻ എവിടെയാണ് അവതരിക്കുന്നത് എന്നുള്ള കുഞ്ഞാടുകളുടെ സ്ഥിരം ചോദ്യത്തിനു അതുവരെ മുകളിലേക്കു കൈചൂണ്ടി 'ദേ അങ്ങാകാശത്തിലാണ്' എന്ന മറുപടി കൊടുത്തുകൊണ്ടിരുന്ന ഇടയമാതാവിനു അന്ന്, ആ ക്രിസ്മസ് രാവിൽ മുകളിലേക്കല്ല, ഇങ്ങു താഴെ ഭൂമിയിലേക്കു കൈചൂണ്ടി പറയാൻ സാധിച്ചു, ഇതാ ഇവിടെ ഈ ഭൂമിയിൽ തന്നെ, വേറെങ്ങും രക്ഷകനെ തേടി നാം അലഞ്ഞു തിരിഞ്ഞു നടക്കേണ്ടതില്ല. അവൻ നമ്മോടുകൂടി തന്നെ. അതെ ദൈവം ഇമ്മാനുവേലായി അന്നുമുതൽ ഈ ഭൂമിയിൽ നമ്മോടൊപ്പം ജീവിക്കുന്നു. നാം അതു തിരിച്ചറിയണമെന്നു മാത്രം.

ലോകരക്ഷകന്റെ പിറവി ലോകത്തെ വിളിച്ചറിയിക്കുന്നതിനുള്ള ദൗത്യവും ആട്ടിടയരെ ആണ് ദൈവം ദൂതൻ വഴി ചുമതലപ്പെടുത്തുന്നത്. ദൈവരാജ്യം ആദ്യം പ്രഘോഷിച്ചത് ആട്ടിടയന്മാരായിരുന്നു. അവരോടു പറയപ്പെട്ടതും, അവർ നേരിൽ കണ്ടതുമായ കാര്യങ്ങളെല്ലാം അവർ പട്ടണത്തിലെത്തി എല്ലാവരെയും അറിയിക്കുന്നു. ന്യൂസ് മീഡിയാ ഒന്നുമില്ലാതിരുന്ന അക്കാലത്ത് ആ സദ്‌വാർത്ത ബ്രേക്കിംഗ് ന്യൂസായി ആട്ടിടയർ ലോകത്തിനു നൽകി.

കിഴക്കുനിന്നെത്തിയ ഞ്ജാനികൾക്ക് നക്ഷത്രം വഴികാട്ടിയായപ്പോൾ ഇടയക്കുട്ടികൾക്ക് മാലാഖതന്നെ ദർശനവും, നിർദേശങ്ങളും നൽകുന്നു. നിഷ്കളങ്കരായ ഇടയസമൂഹത്തെ അവിശ്വസിക്കേണ്ടതില്ലല്ലോ. 'പിള്ളക്കച്ചയിൽ പൊതിഞ്ഞ ഒരു ശിശുവിനെ നിങ്ങൾ കാണും, അവനെ വണങ്ങി നമിക്കുക'

എന്ന അറിയിപ്പു ദൈവത്തിന്റെ ഏറ്റവും അടുത്ത ദൂതനിൽനിന്നു തന്നെ ലഭിച്ചപ്പോൾ പരിഭ്രാന്തരായ ഇടയന്മാർ ആദ്യം ഒന്നു പകച്ചു എങ്കിലും ഉടൻ ദൂതൻ പറഞ്ഞ പ്രകാരം കാലിത്തൊഴുത്തുകണ്ടെത്തി ദിവ്യഉണ്ണിയ വണങ്ങുന്നു.

ഉണ്ണിക്കു കാഴ്ച്ചവക്കാനായി അവരുടെ കൈവശം അചഞ്ചലമായ ദൈവവിശ്വാസമല്ലാതെ മറ്റൊന്നുമില്ലായിരുന്നു. കാഴ്ച്ചകൾ അർപ്പിക്കുന്നതിനുള്ള അവസരം ലഭിക്കുന്നത് കിഴക്കുനിന്നെത്തിയ രാജാക്കന്മാർക്കാണു. പക്ഷേ അവർക്ക് തല കുമ്പിട്ടു വേണമായിരുന്നു ചെറിയ ഗുഹയിൽ പുൽക്കൂടിലിൽ ശയിച്ചിരുന്ന ഉണ്ണിയെ ആരാധിക്കാനും, കാഴ്ച്ചകൾ സമർപ്പിക്കാനും. സമൂഹത്തിന്റെ ഉന്നതെ ശ്രേണിയിൽനിൽക്കുന്ന രാജാക്കന്മാർക്കു പോലും രാജാധിരാജനായ ആ ശിശുവിന്റെ മുൻപിൽ മുട്ടു മടക്കേണ്ടി വന്നു.

നിഷ്ക്കളങ്കരായ ആട്ടിടയരെപ്പോലെ നമുക്കും നമ്മുടെ മനസിലെ മാലിന്യങ്ങൾ വെടിഞ്ഞ് നിർമ്മല മാനസരാകാം. അങ്ങനെ ലോകരക്ഷകനായ ഉണ്ണിയേശു നൽകുന്ന സ്നേഹവും, സമാധാനവും, ശാന്തിയും എന്നും നമ്മുടെ ഹൃദയങ്ങളിൽ നിറയട്ടെ. ക്രിസ്മസ്രാവിൽ കിഴക്കുദിച്ച നക്ഷത്രം പൂജ്യരാജാക്കന്മാർക്കു വഴികാട്ടിയായതുപോലെ നമുക്കും നക്ഷത്രവിളക്കുകളായി മറ്റുള്ളവർക്കു മാർഗദർശികളാകാം. ഹൃദയകവാടങ്ങൾ മറ്റുള്ളവർക്കായി തുറന്നിടാനും, ഈ ഹൃസ്വജീവിതം പങ്കുവക്കലിന്റെയും പരസ്പരസ്നേഹത്തിന്റെയും വിളനിലമാക്കാനും, ലോകത്തിന്റെ അന്ധകാരമകറ്റാനും, കാരുണ്യത്തിന്റെ കൈത്തിരിനാളം അണയാതെ ഉള്ളിൽ സൂക്ഷിക്കാനും നമുക്കെന്നും കഴിയട്ടെ. മനുഷ്യബന്ധങ്ങളിൽ വിദ്വേഷത്തിന്റെ മതിൽതീർക്കുന്നതിനുപകരം സ്നേഹത്തിന്റെ പാലം പണിയുന്നവരായി നമുക്കു മാറാം.